**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ: പ്രിയങ്ക.ജി, IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് - 2013 ലെ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗീകാതിക്രമം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം- പരിശീലനപരിപാടി- ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: സ.ഉ(സാധാ)നം.238/2022/വശിവിവ തീയ്യതി: 21/05/2022

***ഉത്തരവ് നം.WEC5/1827/2022 തീയതി: 19/07/2022***

2013 ലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗീകാതിക്രമം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിതശിശുവികസനഡയരക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ വർഷവും സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് , ഇന്റേണൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ, ഈ സാമ്പത്തിക വർഷം, ജില്ലയിലെ കൂടുതൽ ജീവനക്കാരുള്ള സ്വകാര്യസ്ഥാപനങ്ങളിൽ (eg: Textiles, Jewellery etc.) വ്യാപാര വ്യവസായ സംഘടനകളിലെ അംഗങ്ങൾക്കും , ജീവനക്കാർക്കുമായി 2013 ലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗീകാതിക്രമം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമ പ്രകാരമുള്ള ഇന്റേണൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പരമാവധി ബോധവത്ക്കരണ പരിപാടികൾ (offline) സംഘടിപ്പിക്കുന്നതിന് ജില്ലാവനിതശിശുവികസനഓഫീസർമാരെ ചുമതലപ്പെടുത്തി ക്കൊണ്ടും, ആയതിലേയ്ക്കായി ഒരു ജില്ലയ്ക്ക് 25,000/-രൂപ നിരക്കിൽ 14 ജില്ലകൾക്ക് ആകെ 3,50,000/-രൂപ(മൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) അനുവദിച്ചും ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ 3,50,000/-രൂപ (മൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-02(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

പരിശീലനപരിപാടി സംബന്ധിച്ച വിശദവിവരങ്ങൾ (സെഷനുകളുടെ എണ്ണം, ട്രെയിംനിംഗ് സംഘടിപ്പിച്ച സ്ഥലം, പങ്കെടുത്തവരുടെ എണ്ണം ഉൾപ്പെടെ) അടങ്ങിയ റിപ്പോർട്ടും, ധനവിനിയോഗ സർട്ടിഫിക്കറ്റും ജില്ലാവനിതശിശുവികസനഓഫീസർമാർ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാവനിതാശിശുവികസനഓഫീസർമാർക്കും

പകർപ്പ്:1. സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനായി)

2. സ്റ്റോക്ക് ഫയൽ/ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്